# Weekly Thoughts of December-2015

# Throw away the 'Babylonian Cloaks'

## (ബാബിലോന്യ മേലങ്കികൾ എറിഞ്ഞു കളയുക)

**Week-2**




9th December,International Anti-Corruption Day ആയി എല്ലാ വർഷവും പ്രഖ്യാപിക്കുമ്പോൾ, പ്രഖ്യാപനം നടത്തുന്നവർക്കു തന്നെ അറിയാം എല്ലാ മേഖലയിലും അഴിമതി പടർന്നു കഴിഞ്ഞു എന്ന സത്യം. വാണിജ്യ, വ്യവസായ, വിദ്യാഭ്യാസ മേഖലകളിൽ മാത്രമല്ല ആരോഗ്യമേഖലയിലും, നീതിനിർവ്വഹകരുടെ ഇടയിലും ഇത് പകർച്ച വ്യാധിയായിത്തീർന്നു കഴിഞ്ഞു. ഏറ്റവും ദു:ഖകരമായത് ആത്മീയ മണ്ഡലത്തിലെ തകർച്ചയാണ്. അവരും സ്വാർത്ഥ ലാഭേച്ഛുക്കളായി മാറുന്ന ദയനീയ കാഴ്ച നാം കാണേണ്ടി വരുന്നു.

ഇന്ന് യൂദയെപ്പോലെ ദൈവീകമുന്നറിയിപ്പുകളെ അവഗണിക്കുന്നവരും , ആഖാനെപ്പോലെ അനുസരണക്കേടുകാട്ടി തലമുറകളെ കൊല്ലുന്നവരുമാണ് കൂടുതൽ പേരും. ഇതിനെതിരായി പ്രതികരിക്കുന്നവരെ സമൂഹം (പറയുന്നത് സത്യമെന്ന് അറിയുന്നവർ പോലും) ഉപദ്രവിക്കുന്നു. മോശയുടെ കാലശേഷം യിസ്രായേൽ ജനതയെ നയിച്ച യോശുവയുടെ ജീവിതത്തിലെ ഒരു സംഭവം നോക്കാം. യെരിഹോ പിടിച്ചടക്കുവാൻ സഹായിച്ച രാഹാബും അവളുടെ കൂടെ വീട്ടിലുള്ള എല്ലാവരും ജീവനോടിരിക്കുകയും ബാക്കിയുള്ളതെല്ലാം നശിപ്പിക്കണമെന്നും ദൈവം മുന്നറിയിപ്പ് നൽകിയിരുന്നു. ശാപവും അനർത്ഥവും വരാതിരിപ്പാൻ ശപഥാർപ്പിത വസ്തുക്കൾ ഒന്നും തൊടരുതെന്നും പ്രത്യേകം നിർദ്ദേശിച്ചിരുന്നു. എന്നാൽ ആഖാൻ കണ്ട് മോഹിച്ച്, എടുത്ത് കുഴിച്ചിട്ട ചില വസ്തുക്കൾ (യോശു:7:20,21) അവരുടെ ശാപത്തിന് കാരണമായി.അതുമൂലം യെരിഹോ പിടിച്ചെടുത്തവർക്ക് ഹായ് പട്ടണം നഷ്ടമായി. ശപഥാർപ്പിത വസ്തുക്കളായ ബാബിലോന്യ മേലങ്കി, സ്വർണ്ണം, വെള്ളി മുതലായ വസ്തുക്കൾ എടുത്തത്, യഹോവയോടു കാണിച്ച അനുസരണക്കേടാണ്.

“ബാബിലോന്യ മേലങ്കി” എപ്രകാരമുള്ളത് ? ഇത് ശാപത്തിന്റെ മേലങ്കി, ഇച്ഛകളുടെ മേലങ്കി അഥവാ ദൈവം വെറുക്കുന്ന മേലങ്കികളാണ്. ഇത് നാം വീശി എറിയണം. രഹസ്യ ബന്ധങ്ങൾ, രഹസ്യതെറ്റുകൾ, രഹസ്യ പണമിടപാടുകൾ, ചില രഹസ്യ സ്വഭാവങ്ങൾ ഇവ ഹൃദയത്തിൽ കുഴിച്ചിട്ടിട്ടുണ്ടോ എന്ന് പരിശോധിക്കണം. “മറച്ചുവച്ചതൊന്നും വെളിപ്പെടാതെയും ഗൂഢമായതൊന്നും അറിയാതെയും ഇരിക്കുകയില്ല” (മത്താ:10:26). ഇലയുടെ ഇടയിൽ

മറഞ്ഞിരുന്ന് യേശുവിനെ കണ്ട സക്കായി, യേശു തന്നെ കണ്ടതുകൊണ്ടും തന്റെ വീട്ടിൽ പാർക്കാനാഗ്രഹിക്കുന്നു എന്ന് പറഞ്ഞതുകൊണ്ടും തന്റെ വീട്ടിൽ നിന്നും, ജീവിതത്തിൽ നിന്നും യഹോവയ്ക്ക് ഹിതമല്ലാത്ത സകല ബാബിലോന്യ മേലങ്കികളേയും  വലിച്ചെറിയുവാൻ തയ്യാറായി. എറിഞ്ഞു കഴിഞ്ഞപ്പോൾ രക്ഷയുടെ സന്തോഷം ആ ഭവനത്തിൽ എത്തി.

പ്രീയരേ! തെറ്റിൽ മുഴുകിയിരിക്കുന്ന ലോകത്തിന്റെ ഒഴുക്കിനൊത്ത് നീങ്ങാതെ സകല മ്ലേച്ഛതകളാകുന്ന ബാബിലോന്യ മേലങ്കികളേയും വലിച്ചെറി യുവാൻ ദൈവം കൃപചെയ്യട്ടെ. ഈ വർഷാവസാനം അപ്രകാരമൊരു തീരു മാനം എടുക്കുമോ?

## <u>പ്രാർത്ഥന</u>

സ്വർഗ്ഗീയ പിതാവേ! ലോകത്തെ വേണ്ട എന്നും യേശു മതിയെന്നും ഉറച്ച് തീരുമാനിപ്പാൻ കൃപ ചെയ്യേണമേ. ഇഷ്ടമുള്ള വഴിയെ നടന്ന് ന്യായവിസ്താ രത്തിലാകാതെ ഏറ്റു പറഞ്ഞുപേക്ഷിച്ച് അനുഗ്രഹം പ്രാപിപ്പാൻ സഹായി ക്കേണമേ.

ആമേൻ

**Santhamma Varghese**

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind